**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ-ശ്രീമതി. ശ്രീഷ്മ. വി. കെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രം, മലാപ്പറമ്പ് കോഴിക്കോട് - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ സീനിയോരിറ്റി പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. അഡ്വൈസ് നം. ഡി വി (4)1375/04-1(1) കെ പി എസ് സി കോഴിക്കോട് തീയതി 11/09/2013
2. ഉത്തരവ് നം. ഇഡി4-9469/2018/ആ.വ.ഡ തീയതി. 25/07/2019
3. ഉത്തരവ് : ഇഎസ്2-33385/19/ആ.വ.ഡ തീയതി. 22/10/2019
4. സർക്കുലർ നം. ഉപ.സി.3/100/2024/പി & എ ആർ ഡി തീയതി 24/09/2024.
5. ശ്രീമതി. ശ്രീഷ്മ. വി. കെ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I 23/12/2024 ൽ സമർപ്പിച്ച അപേക്ഷ
6. കത്ത് നം.ജി മെ ആ കോഴിക്കോട്/286/2025-എ2 തീയതി. 19/01/2025
7. നം:ഇഎസ്2-3846/2025/ആ.വ.ഡ തീയതി.21/05/2025

**ഉത്തരവ് നം : ഇഎൽ2 -3846/2025/ആവഡ തിയതി : 22-08-2025**

കോഴിക്കോട് മലാപ്പറമ്പ് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി. ശ്രീഷ്മ. വി. കെ പരാമർശം 1 പ്രകാരമുള്ള കോഴിക്കോട് ജില്ലാ പി എസ് സി ഓഫീസറുടെ അഡ്വൈസ് പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ 18/10/2013 ൽ ജോലിയിൽ പ്രവേശിച്ചു. മാതൃ ജില്ലയായ കോഴിക്കോട് നിയമസഭാ സെക്രട്ടേറിയറ്റിന് ഓഫീസ് ഇല്ലാത്തതിനാൽ പരാമർശം 2 ലെ ഉത്തരവ് പ്രകാരം കോഴിക്കോട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുകയും 02/08/2019 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പരാമർശം 4 ലെ സർക്കുലർ പ്രകാരം അന്തർ വകുപ്പ് സ്ഥലമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് ആദ്യ അഡ്വൈസ് തീയതി അടിസ്ഥാനമാക്കി സീനിയോറരിറ്റി സംരക്ഷിച്ച് നൽകേണ്ടതാണ് എന്ന് ഉത്തരവായതിനാൽ ആരോഗ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ അഡ്വൈസ് തീയതി 11/09/2013 അടിസ്ഥാനമാക്കി സീനിയോറിറ്റി പുനഃ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. ശ്രീഷ്മ. വി. കെ 23/12/2024 ൽ സമർപ്പിച്ച അപേക്ഷ പരാമർശം 6 പ്രകാരം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരിക്കുന്നു.

പരാമർശം 4 ലെ സർക്കുലർ പ്രകാരം ശ്രീമതി. ശ്രീഷ്മ. വി. കെ ക്ക് അഡ്വൈസ് തീയതി പ്രകാരം സീനിയോറിറ്റിക്ക് അർഹതയുള്ളതിനാൽ ടിയാളുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി ആരോഗ്യ വകുപ്പിലെ പരാമർശം 3 പ്രകാരമുള്ള 30/04/2019 വരെയുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി പട്ടികയില് റാങ്ക് നം 2 A ആയി പരാമർശം 7പ്രകാരം പുനർ നിര്ണ്ണയിക്കാൻ താല്ക്കാലികമായി തീരുമാനിച്ച് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു ആയതിന്മേൽ നാളിതുവരെ യാതൊരു ആക്ഷേപവും ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. ശ്രീഷ്മ. വി. കെ ക്ക് പരാമർശം 3 പ്രകാരമുള്ള 30/04/2019വരെയുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്

IIതസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം 2A ആയി പുനർനിർണയിച്ച താത്കാലിക സ്ഥാനം അന്തിമമാക്കി ഇതിനാൽ ഉത്തരവാകുന്നു

വിശദവിവരം ചുവടെ ചേർക്കുന്നു

| Sl,No | Name & PEN | Date of Birth | Date of Entry in Service | PSC Advice details/Appointment order No.& date | Date Reckoned for Seniority | Existing Rank No | Reassigned Rank No | Remarks |
|---|---|---|---|---|---|---|---|---|
| 1 | Smt. Smitha.S.R 456454 | 14/05/1982 | 10/06/2013 | ED4-35501/06/DHS dated 07/06/2013 | 07/06/2013 | 2 | - | By Transfer |
| 2 | Smt. Sreeshma V K 715182 | 30-05-1982 | 02-08-2019 | DV(4)1375/04-1(1)dtd<br>11/09/2013 KPSC<br>Kozhikkode<br>ED4-9469/2018/DHS dated 25/07/2019 | 11/09/2013 | - | 2A | Joined in this<br>Department on<br>02/08/2019 |
| 3 | Smt. Sreeja. S 633009 | 10/05/1985 | 06/01/2016 | ED4-61900/2015/DHS dated 29/12/2015 | 29/12/2015 | 3 | | By Transfer |

Signed by
M . Abul Kalam
Date: 22-08-2025 12:53:31

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:

ശ്രീമതി. ശ്രീഷ്മ. വി. കെ

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I

ആരോഗ്യ കുടുംബ ക്ഷേമ പരിശീലന കേന്ദ്രം

മലാപ്പറമ്പ്, കോഴിക്കോട് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ് :

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യ

1. [illegible]
   വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ ഡി സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ